ഏറ്റവും പുതിയ വിലനിലവാരപ്പട്ടിക കളക്ടറേറ്റിൽ നിന്നും ലഭിക്കുവാൻ താമസിച്ചതിനാലാണ് നഷ്ടപരിഹാരം നൽകുവാൻ വൈകിയത്. പ്രസ്തുത നഷ്ട പരിഹാരം കഴിയുന്നതും വേഗം നൽകാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കുന്ദമംഗലം-അഗസ്ത്യൻ മുഴി 110 കെ. വി. ലൈൻ ചാത്തമംഗലം പഞ്ചായത്തിലെ 2-ാം വാർഡിൽ കൂടി മാത്രമേ കടന്നു പോകുന്നുള്ളൂ. ചെമ്പുക്കടവ്-അഗസ്ത്യൻ മുഴി 33 കെ. വി. ലൈൻ മുക്കം പഞ്ചായത്തിലെ 4-ാം വാർഡിലൂടെ കടന്നുപോകുന്നുണ്ട്. ചാത്തമംഗലം പഞ്ചായത്തിലെ 2-ാം വാർഡിൽ ആദ്യം മുറിച്ച് മാറ്റിയ ഫലവൃക്ഷങ്ങളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകി കഴിഞ്ഞു. രണ്ടാമത് മുറിച്ച് മാറ്റിയ വൃക്ഷങ്ങളുടെ നഷ്ട പരിഹാരത്തുക നൽകാനുണ്ട്. മുക്കം പഞ്ചായത്തിലെ 4-ാം വാർഡിൽ മുറിച്ചു മാറ്റപ്പെട്ട ഫലവൃക്ഷങ്ങളുടെ നഷ്ടപരിഹാരത്തുക നൽകാനുണ്ട്.

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) മൂന്ന് മാസത്തിനകം നഷ്ടപരിഹാരത്തുക നൽകുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പരപ്പനങ്ങാടി സബ്സ്റ്റേഷൻ നിർമ്മാണം

175 [1755] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരപ്പനങ്ങാടി വിദ്യുച്ഛക്തി സബ്സ്റ്റേഷൻ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ലൈൻ കടന്നുപോകേണ്ട സ്ഥലങ്ങളുടെ ഉടമകളിൽ ചിലർ കോടതിയുടെയും എ. ഡി. എം.-ന്റെയും മുമ്പാകെ നൽകിയ പരാതികൾ തീർപ്പാക്കാൻ കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത സബ്സ്റ്റേഷനുവേണ്ടി നാല് ഏക്കർ സ്ഥലം സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ഏറ്റെടുത്തത് നിരപ്പാക്കി വേലി കെട്ടിയിട്ടുണ്ട്. പ്രസ്തുത സബ് സ്റ്റേഷനിലേക്കുള്ള 110 കെ. വി. ലൈൻ കടന്നു പോകേണ്ട സ്ഥലങ്ങൾക്ക് സമീപം വസിക്കുന്നവരുടെ എതിർപ്പും കോടതി കേസുകളും കാരണം മറ്റ് ജോലികളൊന്നും ചെയ്തിട്ടില്ല.

(ബി, സി) ഉണ്ട്. അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ ഉത്തരവ് പ്രകാരം പ്രസ്തുത ലൈൻ റൂട്ടിനു പകരമായി വേറെ റൂട്ടിൽ ലൈൻ വലിക്കുന്നതിനുവേണ്ടി സർവ്വേ നടത്തിയ സ്കെച്ചുകൾ എ.ഡി.എം.-ന്റെ മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്. കേസ് തീരുന്ന മുറയ്ക്ക് സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly